# ദക്ഷിണധ്വനി

Voice of Valiyapally Youth Movement, South Pampady

സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനം മുഖപത്രം | പുസ്തകം 9 ലക്കം 1 | മാർച്ച്-മേയ് 2015


പേജ് 6




വിശുദ്ധ എച്ച്മിയാഡ്സിനിൽ വെച്ച് നടത്തപ്പെട്ട അർമ്മീനിയൻ വംശവിച്ഛേദനത്തിന്റെ 100-ാം വാർഷിക അനുസ്മരണ വിശുദ്ധീകരണ ശുശ്രൂഷയിൽ കോപ്റ്റിക്, അന്ത്യോഖ്യൻ, അർമ്മീനിയൻ സഭാ തലവന്മാരോടൊപ്പം പ. കാതോലിക്കാ ബാവാ

# 133–ാം സങ്കീർത്തനം

അർമീനിയ: മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും പരി. ഇഗ്നാത്തിനയോസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായും കൂടിക്കാഴ്ച നടത്തി. 1915 ൽ അർമേനിയിൽ നടന്ന വംശവിച്ഛേദനത്തിന്റെ 100-ാം വാർഷിക അനുസ്മരണ-വിശുദ്ധീകരണ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനെത്തിയപ്പോഴാണ് ഇരുവരും കൂടിക്കാഴ്ച നടത്തിയത്.

അർമീനിയൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത കാതോലിക്കോസ് പരി. കരേകിൽ രണ്ടാമന്റെ ക്ഷണമനുസരിച്ചാണ് പാത്രിയർക്കീസും കാതോലിക്കാ ബാവായും അർമീനിയയിലെത്തിയത്.




പഴയ സെമിനാരി ദ്വിശതാബ്ദി സ്മാരക പോസ്റ്റൽ സ്റ്റാമ്പ് രാഷ്ട്രപതി പ്രകാശനം ചെയ്തു (ഇൻസെറ്റിൽ സ്റ്റാമ്പിന്റെ ചിത്രം)



## നാം പ്രാർത്ഥിക്കുന്നുവോ......ഇവർക്ക് വേണ്ടി?

ഇന്ന് മനുഷ്യരാശി നേരിടുന്ന പ്രശ്നങ്ങൾ ദൃശ്യമാദ്ധ്യമങ്ങളിലൂടെ നാം അറിയുന്നുണ്ട്. എന്നാൽ ഇവർക്കു വേണ്ടി പ്രാർത്ഥിക്കുവാനോ, ഇവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുവാനോ നാം ശ്രമിക്കാറുണ്ടോ?

പ്രകൃതി ദുരന്തത്തിൽ നിന്നും തന്റെ സഹോദരിയെ സംരക്ഷിക്കുവാൻ ശ്രമിക്കുന്ന നാലു വയസുള്ള ബാലന്റേയും ഭൂകമ്പ ദുരിതാശ്വാസ ക്യാമ്പിൽ ആഹരത്തിനായി നോക്കിയിരിക്കുന്ന നേപ്പാളിലെ കുഞ്ഞുങ്ങളുടേയും, ക്യാമറ കണ്ട് തോക്കാണെന്ന് തെറ്റിദ്ധരിച്ച് കീഴടങ്ങുന്ന സിറിയൻ ബാലികയുടേയും ചിത്രങ്ങൾ..... ഹൃദയംനുറുക്കുന്ന ചിത്രങ്ങൾ നാം ഇനിയും കാണാതെ പോവരുത് ...

## യുവജനപ്രസ്ഥാനം അന്തർദേശീയസമ്മേളനം

പൊത്തൻപുറം : അഖിലമലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 79-ാമത് അന്തർദേശീയ സമ്മേളനം കോട്ടയം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2015 മെയ് 14 മുതൽ 16 വരെയുള്ള തീയതികളിൽ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് നടത്തപ്പെടുകയാണ്. "അവൻ വളരേണം, ഞാനോ കുറയേണം" (വി. യോഹന്നാൻ 3:30) എന്നുള്ളതാണ് മുഖ്യവിഷയം.

മെയ് 14-ാം തീയതി പരിശുദ്ധ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ കേരളാ സംസ്ഥാന ചീഫ് സെക്രട്ടറി ജിജി തോംസൺ IAS മുഖ്യസന്ദേശം നൽകുന്നതായിരിക്കും. വൈകുന്നേരത്തെ വിഷയാവതരണത്തിന് യൂഹാനോൻ മാർ പോളികാർപ്പോസ് നേതൃത്വം നൽകും. മെയ് 15-ാം തീയതിയിലെ ക്ലാസ്സുകൾക്ക് യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്ത, റവ.ഫാ. ഫിലിപ്പ് തരകൻ (ചീഫ് എഡിറ്റർ, പൗരസ്ത്യ താരം) റവ.ഡോ. ജോർജ് വർഗീസ് (മാർത്തോമ്മാ കൗൺസിലിംഗ് ഡയറക്ടർ) എന്നിവർ നേതൃത്വം നൽകുന്നു. വിവിധ ക്ലാസ്സുകൾ റവ.ഡോ. വർഗീസ് വർഗീസ്, റവ.ഫാ. ഓ. തോമസ്, റവ.ഫാ. സഖറിയ നൈനാൻ എന്നിവരും നേതൃത്വം നൽകുന്നതാണ്. 16-ാം തീയതിയിലെ ക്ലാസ്സിന് ഡോ. ബിജി ജേക്കബ് നേതൃത്വം നൽകുന്നതാണ്. പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമാപനസമ്മേളനം എം. ജി. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നതാണ്. സമാപന ദിവസത്തെ ക്ലാസ്സുകൾക്ക് ജോസഫ് മാർ ദീവന്നാസ്യോസ്, ജോഷ്വാ മാർ ദീവന്നാസ്യോസ് തുടങ്ങിയ മെത്രാപ്പോലീത്താമാർ നേതൃത്വം നൽകുന്നതാണ്.



പേജ് 3

**അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുമായുള്ള അഭിമുഖം.**

# സത്യം വെളിച്ചമാണ്, എത്ര മൂടിവെയ്ക്കുവാൻ ശ്രമിച്ചാലും അത് ഇല്ലാതാക്കുവാൻ സാധിക്കില്ല: പ. കാതോലിക്കാ ബാവ

കോട്ടയം : പ. ഇന്ത്യൻ ഓർത്തഡോക്സ് സഭ ഇന്ന് അനേകം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. വൈദേശികവും തദ്ദേശിയവുമായ സഭാതർക്കങ്ങൾക്കു പുറമെ സഭയേയും സഭാതലവന്മാരേയും മോശമായി ചിത്രീകരിച്ചുകൊണ്ടുള്ള ദുഷ്പ്രചരണങ്ങളും നടക്കുന്നു. അതിൽ ഇന്ന് ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് സോഷ്യൽ മീഡിയകളുടെ സഹായത്തോടെ ഷെയർ ചെയ്യപ്പെടുന്ന അഭിപ്രായങ്ങളും ഫോട്ടോകളും. ഒരു സാധാരണക്കാരന് അതിന്റെ പൊള്ളത്തരം മനസിലാക്കാൻ കഴിയാത്ത തരത്തിലുള്ളതാണ് ഇതിലധികവും. സഭയുടെ മിഷൻ പ്രവർത്തനങ്ങളും സഭാതലവന്മാരുടെ മിതവ്യയ സന്ദേശവുമൊക്കെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലുള്ള പ്രചരണങ്ങൾ വളരെ വേദനാജനകമാണ്. ഇത്തരം പ്രചരണത്തെപ്പറ്റി പ. കാതോലിക്കാ ബാവായുടെ പ്രതികരണം ശ്രദ്ധേയമാണ്.

'ഇപ്രകാരമുള്ള കാര്യങ്ങൾക്ക് നാം അമിതപ്രാധാന്യം നൽകരുത്. നമ്മെ പ്രകോപിപ്പിച്ച് നേട്ടങ്ങളുണ്ടാക്കാൻ പലരും ശ്രമിക്കും. നാം അതിന്റെ വരുംവരായ്കൾ മുൻകൂട്ടി കണ്ടതിനുശേഷം എല്ലാവർക്കും നന്മയുണ്ടാവുന്ന രീതിയിൽ ക്രിസ്തുവിന്റെ സാക്ഷികളായി മാത്രമേ പ്രതികരിക്കാവൂ. ഇങ്ങനെയൊക്കെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവരെ ശ്രദ്ധിക്കാതിരിക്കുക എന്നത് മാത്രമേ നമുക്ക് ചെയ്യുവാൻ സാധിക്കൂ. ആയിരം വാളുകൾ തടയാം. എന്നാൽ ഒരു നാവിനെ തടയാൽ ബുദ്ധിമുട്ടാണ് എന്ന് കേട്ടിട്ടില്ലേ? എന്തുകൊണ്ടാണ് ഇപ്രകാരമൊക്കെ നമുക്കെതിരെ പ്രവർത്തിക്കുന്നത് എന്ന് അറിഞ്ഞുകൂടാ. എന്ത് വന്നാലും നാം സംയമനത്തോടെ നേരിടണം. ഇന്നല്ലെങ്കിൽ നാളെ ലോകം സത്യം മനസിലാക്കും. സത്യം വെളിച്ചമാണ്. എത്ര മൂടിവെയ്ക്കുവാൻ ശ്രമിച്ചാലും സത്യത്തെ ഇല്ലാതാക്കുവാൻ സാധിക്കില്ല. അതിനാൽ ദൈവത്തിൽ പ്രത്യാശവെച്ച് നമുക്ക് മുമ്പോട്ടുപോകാം'. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ദക്ഷിണധ്വനിയോട് പറഞ്ഞു.

# പത്രാധിപധ്വനി

**ദക്ഷിണധ്വനി**

**പുസ്തകം 9 ലക്കം 1**

## സാമ്പത്തിക – സംവരണം അഭികാമ്യം

പഠന-ജോലി സംബന്ധമായ കാര്യങ്ങളിൽ സാമ്പത്തിക സംവരണം നടപ്പാക്കുന്നതിലൂടെ മാത്രമേ ഏത് സർക്കാരിനും ജനതയോടു നീതി കാണിക്കാനാകൂ. ജാതി-മത സംവരണം മൂലം സമൂഹത്തിലെ അർഹരായ എല്ലാ വിഭാഗങ്ങൾക്കും ഗുണം ലഭിക്കുന്നില്ല. സമ്പന്നൻ ആണെങ്കിലും ജാതിയുടെയോ മതത്തിന്റെയോ പേരിൽ ആനുകൂല്യം നേടുമ്പോൾ ഇതിന്റെ പേരിൽ തന്നേ ആനുകൂല്യം ലഭിക്കാതെ കഷ്ടപ്പെടുന്ന ഒരു വിഭാഗം നമുക്ക് ചുറ്റും ഉണ്ട്. ഒരു പ്രത്യേക ജാതിയിലോ മതത്തിലോ ജനിച്ചു എന്നതിനാൽ മാത്രം ദരിദ്രർ ആണെങ്കിലും സംവരണ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയല്ലേ? സാമ്പത്തിക സംവരണം നടപ്പാക്കുമ്പോൾ നിലവിൽ സംവരണമുള്ള ദരിദ്ര വിഭാഗങ്ങൾക്ക് ഒരിക്കലും ആനുകൂല്യം നഷ്ടമാകുന്നില്ല, എന്നാൽ സമ്പന്നരായ, ഇപ്പോൾ ആനുകൂല്യങ്ങൾ നേടുന്നവർക്ക് അത് ലഭിക്കില്ല എന്നേയുള്ളൂ. വോട്ട് ബാങ്ക് മാത്രം കണക്കാക്കി സർക്കാരുകൾ ഓരോരോ കാലത്ത് നടപ്പാക്കിയതാണ് ഈ ജാതി-മത സംവരണ സമ്പ്രദായം. നമ്മുടെ ഭക്ഷണക്രമത്തിലും ജീവിത രീതിയിലും ഇടപെടുന്ന കേന്ദ്ര-സംസ്ഥാനം സർക്കാരുകൾ ജനത്തിന് പ്രയോജനകരമായ പല വിഷയങ്ങളിലും ഇടപെടാൻ സമയം കണ്ടെത്താറില്ല എന്നത് വളരെ സങ്കടം നിറഞ്ഞ ഒരു അവസ്ഥയാണ്.

ഉന്നത വിഭാഗത്തിൽപ്പെട്ട, സാമ്പത്തിക സ്ഥിതി തികച്ചും പരിതാപകരമായ ഒരുപാട് ആളുകൾ മലങ്കര സഭയിലും ഉണ്ട്. ഇവർക്കുവേണ്ടി ശബ്ദം ഉയർത്താൻ ആരും തന്നെ ഇല്ല. സഭയുടെ കാരുണ്യ പ്രവർത്തനങ്ങളിൽ ഇവർക്ക് കൂടുതൽ പരിഗണന നൽകേണ്ടതും, പ്രവർത്തനങ്ങൾ ഇവർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഒരു വലിയ ആവശ്യം തന്നെയാണ്. ഇങ്ങനെയുള്ള അവസ്ഥയിൽ സാമ്പത്തിക സ്ഥിതി മോശമായ മലങ്കര സഭാമക്കൾക്ക് ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും കൂടുതൽ പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ മലങ്കര സഭ മുൻകൈ എടുക്കേണ്ടതാണ്. സഭയുടെ നല്ല പ്രവർത്തനങ്ങൾക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി യുവജനപ്രസ്ഥാനം പ്രസിദ്ധീകരണമായ ദക്ഷിണധ്വനി 9-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഇക്കാലമത്രയും അനുഗ്രഹീതമായി വഴി നടത്തിയ ദൈവത്തിന് സ്തുതി കരേറ്റുന്നു. ചെറുതും വലുതുമായി ദക്ഷിണധ്വനിയോട് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. അതോടൊപ്പം പാമ്പാടി ദയറായിൽ നടക്കുന്ന 79-ാമത് യുവജനപ്രസ്ഥാനം കേന്ദ്ര വാർഷികത്തിന് എല്ലാവിധമായ പ്രാർത്ഥനാശംസകളും നേരുന്നു.

മെജോ ഐസക് മാത്യു
ചീഫ് എഡിറ്റർ


### ദക്ഷിണധ്വനി
**എഡിറ്റോറിയൽ ബോർഡ്**

*ചെയർമാൻ & പബ്ലിഷർ :*
റവ. ഫാ. ജേക്കബ് മാത്യു, ചന്ദ്രത്തിൽ

*ചീഫ് എഡിറ്റർ :*
മെജോ ഐസക്ക് മാത്യു

*സബ് എഡിറ്റർമാർ :*
അൻവിൻ ഏബ്രഹാം രാജു,
ജിബിൻ സാം ജോ,
ജോബിൻ മാത്യു,
സിനു കെ. കുര്യൻ.

*മാർക്കറ്റിംഗ് & സർക്കുലേഷൻ മാനേജർ :*
ബിനോ തോമസ്

*മീഡിയ - ഇൻ - ചാർജ് :*
സിവി വർഗീസ്


### പുസ്തകങ്ങളിലൂടെ...

*മാർത്തോമാശ്ലീഹായുടെ നടപ്പുകളുടെ പുസ്തകം*

“ആക്ടാതോമ്മാ” (മാർത്തോമാശ്ലീഹായുടെ നടപ്പുകളുടെ പുസ്തകം-നടപടികൾ) എന്ന പേരിൽ അറിയപ്പെടുന്ന കൃതി മൂന്നാം നൂറ്റാണ്ടിലെ ഒരു അപ്പോക്രിഫൽ ഗ്രന്ഥമാണ്. മാർത്തോമാ ശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇതിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. ഈ ഗ്രന്ഥച്ചെ 14 നടപടികളായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ഗോണ്ടഫോറസ് രാജാവിന്റെ കൊട്ടാരം പണിയാനുള്ള ശില്പിയെന്ന നിലയിൽ മാർത്തോമാ ശ്ലീഹ ഭാരതത്തിൽ വന്നുവെന്ന ഐതീഹ്യം ഈ രേഖയെ ആസ്പദമാക്കിയാണ്. ഇതിന്റെ പരിഭാഷകൾ മലയാളത്തിൽ ലഭ്യമാണ്.

### ഇടയധ്വനി



ക്രിസ്തുവിൽ പ്രിയരെ,

എല്ലാവർക്കും പ്രത്യാശയും പ്രതീക്ഷയും നിറഞ്ഞ ജീവിതയാത്ര ആശംസിക്കുന്നു. നേപ്പാളിൽ പ്രകൃതിദുരന്തം വിതച്ച മനുഷ്യകുരുതി, ഭാരതത്തിൽ വർദ്ധിച്ച് വരുന്ന മതേതരത്വ വിരുദ്ധ പ്രവണതകൾ, മതങ്ങൾ ലക്ഷ്യങ്ങളിൽനിന്ന് അകലുന്ന സാഹചര്യങ്ങൾ ഇവയൊക്കെയാണ് സമകാലീന യാഥാർത്ഥ്യങ്ങൾ. ഇവിടെ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ മഹത്വം വർദ്ധിക്കുന്നു. തന്റെ ദൈവീകശക്തി ഉപയോഗിച്ച് ലോകത്തെ ശുദ്ധീകരിക്കുന്നതിനുപകരം ഓരോ വ്യക്തിയുടെ ഹൃദയത്തിൽ ദൈവീക വെളിച്ചം നിറച്ച് ലോകത്തെ പ്രകാശിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു. ഒരു വ്യക്തിയുടെ മാന്യത, ഇടം (space), സാധ്യത ഇവയെല്ലാം ദൈവം മാനിക്കുന്നു. ക്രിസ്തു ശുശ്രൂഷകളിൽ പങ്കാളികളാവണമെങ്കിൽ നാം ഇവയ്ക്ക് എത്രയധികം പ്രാധാന്യം കൊടുക്കണം.

പെന്തിക്കോസ്തി ഞായറാഴ്ചയുടെ വിശുദ്ധ ദിനത്തിലേയ്ക്ക് നാം സമീപിക്കയാണല്ലോ. വിശുദ്ധ മാമ്മോദീസായിലൂടെ നാം സ്വീകരിച്ച പരിശുദ്ധാത്മാവിനെ ഉജ്ജ്വലിക്കുവാൻ നമുക്ക് സാധിക്കണം. പുതിയ അധ്യയനവർഷം സമാഗതമാവുകയാണ്. പുതിയ ബാഗും, കുടകളും, പുസ്തകങ്ങളും ഇന്നും അന്യമായ ഒരു വിദ്യാർത്ഥിലോകം നമ്മുടെ പരിസരങ്ങളിലുണ്ട്. ഈ കുറവുകൾ പരിഹരിക്കുവാൻ നമ്മുടെ ഹൃദയത്തിനും ആത്മീയതയ്ക്കും ഉത്തരവാദിത്വമില്ലേ? കഴിഞ്ഞവർഷവും ഒരു യൗവനത്തിന്റെ ദാരുണ പരിസമാപ്തിക്ക് നാം സാക്ഷിയാകേണ്ടി വന്നു. ദൈവ ഭവനത്തിലേയ്ക്ക് ധൃതിയിൽ ഓടിക്കയറിയ ജോയൽ എം. ജോണിന് (പച്ചിലക്കാട്ട് അനിൽ ജോണിന്റെ പുത്രൻ) ഇടവകയുടെ ആദരാഞ്ജലികൾ. ഓരോ പതിപ്പിലും വ്യത്യസ്തത പുലർത്തുന്ന ദക്ഷിണധ്വനിയുടെ മാറ്റത്തിന്റെ പുതിയ കാൽവയ്പ്പാണീ ലക്കം. അദ്ധ്വാനിച്ചവരെ സ്നേഹപൂർവ്വം അനുമോദിക്കുന്നു.

ആശംസകളോടെ,

ജേക്കബ് മാത്യു അച്ചൻ

### ദേവാലയങ്ങളിലൂടെ...

## ചന്ദനപ്പള്ളി-സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി

പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിലുൾപ്പെടുന്ന ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി മലങ്കര സഭയിലെ വിഖ്യാത ദേവാലയങ്ങളിലൊന്നാണ്. ബൗദ്ധ-ഹൈന്ദവ സംസ്കാരങ്ങളുടെ സംഗമഭൂമിയായിരുന്ന ഈ സ്ഥലത്തേയ്ക്ക് പതിനെട്ടാം നൂറ്റാണ്ടോടുകൂടി തുമ്പമണ്ണിൽ നിന്ന് ക്രൈസ്തവ കുടിയേറ്റം ഉണ്ടായതായി വിശ്വസിക്കപ്പെടുന്നു ദേവാലയസ്ഥാപനത്തിന് വളരെ മുമ്പേ സ്ഥാപിതമായ കൽകുരിശ് കേരളത്തിൽ വളരെ അപൂർവ്വമായി മാത്രമുള്ള ഒന്നാണ്. എല്ലാവർഷവും നോമ്പുനോറ്റ് പുതുപ്പള്ളി പെരുന്നാളിന് വന്നിരുന്ന പൂർവ്വികർ അവിടെനിന്നും കൊണ്ടുപോയ ഒരുപിടി മണ്ണ് അടിസ്ഥാനമിട്ട് കുരിശും ദേവാലയവും സ്ഥാപിച്ചുവെന്ന് ദൃഢമായി വിശ്വസിക്കുന്നു. മെയ് 6, 7 തീയതികളിൽ നടക്കുന്ന പെരുന്നാൾ വലിയ ആത്മീയവും ദേശീയവുമായ ഒരാഘോഷമാണ്. സെപ്റ്റംബർ 14-ാം തീയതി നടക്കുന്ന കുരിശുപെരുന്നാളും പ്രധാനപ്പെട്ട ഒരു ചടങ്ങാണ്.



### പിതാക്കന്മാരിലൂടെ....

## മാർത്തോമാ അഞ്ചാമൻ

മാർത്തോമാ നാലാമൻ പകലോമറ്റം പള്ളിപ്പുറത്ത് വീട്ടുകാരായ ഭാഗിനേയനെ സ്വന്തം പിൻഗാമിയായി 1728-ൽ വാഴിച്ചു. 1765 വരെ മാർത്തോമ അഞ്ചാമൻ സഭയെ നയിച്ചു. മാർത്തോമായുടെ പട്ടത്വവും അധികാരവും സഭയിൽ ഒരുവിഭാഗം നിഷേധിക്കയാൽ സിറിയയിൽനിന്നും ഒരു മെത്രാനെ അയച്ചുതരുവാൻ അദ്ദേഹം പാത്രിയർക്കീസിനോട് അഭ്യർത്ഥിച്ചു. അതനുസരിച്ച് പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം മൂസലിലെ ബസേലിയോസ് ശക്രള്ള, മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, റമ്പാൻ യൂഹാനോൻ എന്നിവർ 1751-ൽ മലങ്കരയിലെത്തി. എന്നാൽ മാർത്തോമ ഇവരുടെ നടപടിക്ക് വഴങ്ങിയില്ല. കാരണം പാത്രിയർക്കീസ് മാർത്തോമായുടെ പട്ടത്വം സാധുവല്ലെന്ന നിലപാടാണ് എടുത്തിരുന്നത്. എന്നാൽ 1754-ൽ മാർത്തോമായുടെ സ്ഥാനം സാധുവാണെന്നും അദ്ദേഹം മലങ്കര സഭയുടെ ഭരണാധികാരി ആണെന്നും ശക്രള്ള സമ്മതിച്ചു. ഈ വ്യവസ്ഥയിന്മേൽ പാത്രിയർക്കീസും മാർത്തോമായും ഒരു ഒത്തുതീർപ്പിൽ എത്തി. മാർത്തോമാ അഞ്ചാമനെ ഭീക്ഷണിപ്പെടുത്തിയതുമൂലം ഡച്ചു കമ്പനിക്ക് ഈ സംഘത്തിന്റെ കപ്പൽയാത്രാകൂലിയായി 12000 രൂപ കൊടുക്കേണ്ടിവന്നു. ജീവിതകാലത്ത് തന്നെ 1761-ൽ മാർത്തോമാ സ്വന്തം ഭാഗിനേയനെ പിൻഗാമിയായി വാഴിച്ചു. 1765 മെയ് 8 ന് നിരണത്തുവച്ച് ഇദ്ദേഹം കാലംചെയ്തു. നിരണം വലിയപള്ളിയിൽ അടക്കപ്പെട്ടു.

# ക്രിസ്ത്യാനികൾ ഒന്നിച്ച് നിന്ന് ലോകത്തിന് മാതൃകയാവണം: മാർ യൗസേബിയോസ്



അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ (അലക്സന്ത്രയോസ് റമ്പാച്ചൻ, അലക്സ് ദാനിയേൽ അച്ചൻ), കൊല്ലം ഭദ്രാസനത്തിലെ പുത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ പരേതനായ ദാനിയേലിന്റെയും ചിന്നമ്മയുടെയും നാലാമത്തെ പുത്രനായി ജനിച്ചു. പരേതനായ ഫാ. വി.ജെ. ജേക്കബ് ഇദ്ദേഹത്തിന്റെ പിതൃസഹോദരനാണ്. കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും സയൻസിൽ ബിരുദം നേടിയശേഷം ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും എൽ.എൽ.ബി. ഡിഗ്രി കരസ്ഥമാക്കി. കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽനിന്നും ജി.എസ്.റ്റി., സെറാംപൂർ യൂണിവേഴ്സിറ്റിയിൽനിന്നും ബാച്ചിലർ ഓഫ് ഡിവൈനിറ്റി, ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ നിന്നും M.Th. ജറുസലേമിലെ ടാന്റൂർ എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ബിബ്ലിക്കൽ ജോഗ്രഫിയിൽ ഡിപ്ലോമ, ജർമ്മനയിലെ ഫെഡറിച്ച് അലക്സാണ്ടർ യൂണിവേഴ്സിറ്റിയിൽനിന്നും പഴയനിയമത്തിൽ ഗവേഷണപഠനം എന്നിവ പൂർത്തീകരിച്ചു. ഇപ്പോൾ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ ഗവേഷണ വിദ്യാർത്ഥിയാണ്.

1995-ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു. നാഗ്പൂർ സെമിനാരിയിൽ പഴയനിയമ അദ്ധ്യാപകനായിരുന്നു. ഒ.വി.ബി.എസ്. ന്റെ ഡയറക്ടറായും, അഖില മലങ്കര ശുശ്രൂഷക സംഘത്തിന്റെ ബാഹ്യകേരള ഡയറക്ടറായും, സ്തുത്യർഹ സേവനം നിർവഹിച്ചു. 1994-ൽ കേരള ഹൈക്കോടതിയിലും, കൊല്ലം ജില്ലാ കോടതിയിലും അഭിഭാഷകൻ ആയിരുന്നു. സഭയുടെ പല പ്രസിദ്ധീകരണങ്ങളുടെയും പത്രങ്ങളുടെയും നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വചനതേജസ് എന്ന പുസ്തകത്തിന്റെ രചയിതാവുമാണ്. 2009 -ൽ മേൽപട്ടസ്ഥാനം സ്വീകരിച്ചു. അദ്ദേഹം സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തായാണ്.

♦ *തിരുമേനി പൗരോഹിത്യവും സന്യാസജീവിതവും സ്വീകരിക്കുവാനുണ്ടായ സാഹചര്യം ഒന്ന് വിശദീകരിക്കാമോ?*

പൗരോഹിത്യ പാരമ്പര്യത്തിലുള്ള കുടുംബത്തിലാണ് ഞാൻ ജനിക്കുവാൻ ഇടയായത്. എന്റെ പിതൃസഹോദരൻ അവിവാഹിതനായ പുരോഹിതനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം എന്നെ വളരെയധികം ആകർഷിച്ചു. അദ്ദേഹത്തിന്റെ കാലശേഷം ഇടവകക്കാരും നാട്ടുകാരും ചേർന്ന് അന്ന് കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായിരുന്ന മാത്യൂസ് മാർ കുറിലോസ് (മാത്യൂസ് II ബാവ) തിരുമേനിയോട് എന്നെ സെമിനാരിയിൽ പ്രവേശിപ്പിക്കണമെന്നും പൗരോഹിത്യത്തിലേയ്ക്ക് നയിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. ഇപ്രകാരമാണ് ഞാൻ പൗരോഹിത്യം സ്വീകരിച്ചതും സന്യാസത്തിലേയ്ക്ക് വരുവാനിടയായതും.


♦ *എന്തുകൊണ്ടാണ് തിരുമേനി സന്യാസത്തിലേയ്ക്ക് ആകൃഷ്ടരാകുന്നവർ ഇന്ന് കുറഞ്ഞുവരുന്നത്?*

സന്യാസജീവിതം വളരെ സമർപ്പിതമായ ഒന്നാണ്. ഇന്ന് കുടുംബങ്ങളിലെ അംഗസംഖ്യ വളരെ കുറവാണ്. ദരിദ്രരായ മാതാപിതാക്കൾ പോലും തങ്ങളുടെ കുഞ്ഞുങ്ങളെ സമൃദ്ധിയിലാണ് വളർത്തുന്നത്. ദാരിദ്ര്യവും സന്യാസ മൂല്യങ്ങളും മറ്റും അനുഭവിച്ചറിയാത്തവരാണ് ഇന്നത്തെ തലമുറ അധികവും. സന്യാസ ജീവിതത്തെ വളരെ മൂല്യത്തോടെ കാണുന്നവരുണ്ടാകുമെങ്കിലും സ്വയം ഏറ്റെടുക്കുവാനുള്ള ധൈര്യം ഉണ്ടാകുന്നില്ല. അതോടൊപ്പം തന്നെ പ്രാധാന്യമുള്ള കാര്യമാണ് മദ്ബഹാ ശുശ്രൂഷകരുടെ വെടിപ്പും വിശുദ്ധിയും. ഇവർ പരിണമിച്ചാണ് വൈദീക വിദ്യാർത്ഥികളും പട്ടക്കാരും സന്യാസികളും എപ്പിസ്കോപ്പാമാരും ആയിത്തീരുന്നത്. അതിനാൽ അവർക്ക് നല്ല പരിശീലനം നൽകണം. മദ്ബഹായിൽ പ്രവേശിക്കുന്നതിന് മുമ്പേ കുറച്ചുകാലം ഭദ്രാസന മെത്രാപ്പോലീത്തായുടെ കൂടെ താമസിച്ച് പഠിക്കുന്നത് നല്ലതാണ്. ചിലരൊക്കെ മദ്ബഹായിൽ പ്രവേശിക്കുന്നത് ആരുടെയൊക്കെയോ നിർബ്ബന്ധം മൂലമാണ്. അങ്ങനെയാവരുത്. ഒരു ഓപ്പറേഷൻ തീയേറ്ററിൽ നിൽക്കുന്ന നേഴ്സുമാരുടെ ജാഗ്രത വേണം മദ്ബഹാ ശുശ്രൂഷകർക്ക്. തീയല്ലോ ഈ മദ്ബഹാ എന്ന് കേട്ടിട്ടില്ലേ.... അഗ്നിയാണ്..... വെന്തുപോകാതെ നാം സൂക്ഷിക്കണം.

♦ *പാമ്പാടി തിരുമേനിയുടെ 50-ാം ഓർമ്മപ്പെരുന്നാൾ നടന്നുവല്ലോ. തിരുമേനിയെ പരിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുവാനുള്ള ക്രമീകരണങ്ങൾ നടക്കുന്നുമുണ്ട്. എന്തുകൊണ്ടാണ് നമ്മുടെ സഭയിൽ പരിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നവർ വളരെ കുറവാകുന്നത്?*

മലങ്കരസഭയുടെ പിതാക്കന്മാരെല്ലാം തന്നെ അപാരമായ ദൈവഭയത്തോടും വിശുദ്ധിയോടും പരിശുദ്ധിയോടും കൂടിയാണ് ജീവിച്ചിരുന്നത്. അതിനാൽ അവരെല്ലാം തന്നെ പരിശുദ്ധന്മാരാണ്. മുകളിൽ ദൈവം നമ്മെ സൂക്ഷിക്കുന്നുണ്ട് എന്ന ഉത്തമബോധ്യം അവർക്കെപ്പോഴും ഉണ്ടായിരുന്നു. മലങ്കരസഭ അതിനാൽ വളരെ ഭാഗ്യം ചെയ്യപ്പെട്ട സഭയാണ്. ഭാരതത്തിൽത്തന്നെ മറ്റുള്ള എല്ലാ മതസമൂഹങ്ങൾ നോക്കിയാലും ഇത്രയധികം പരിശുദ്ധജീവിതം നയിച്ചവരുണ്ടോ എന്ന് സംശയമാണ്. പട്ടംകൊട ശുശ്രൂഷ നിർവ്വഹിക്കുമ്പോഴെല്ലാം ഞാൻ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. 'ഞാൻ വളരെ ഭയത്തോടുകൂടിയാണ് ഈ ശുശ്രൂഷ നടത്തുന്നത്. കാരണം ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെട്ടിരുന്നത് പരിശുദ്ധന്മാരായ പിതാക്കന്മാരാലാണ്'.

**ദൈവസ്നേഹിയായ മാർ ഇവാനിയോസ് തിരുമേനി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ ...**



ഒരു വിശ്വാസി

♦ *നമ്മുടെ സഭയിലെ പിതാക്കന്മാരുടെ സമർപ്പണ ജീവിതത്തെക്കുറിച്ചും വിശ്വാസതീക്ഷ്ണതയെക്കുറിച്ചും തിരുമേനി പറയുവാനിടയായി. എങ്കിലും തിരുമേനി, മറ്റൊരു കാര്യം ചോദിക്കുകയാണ്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ ഇപ്രകാരം വായിക്കുവാനിടയായി. 'ഈ ഭൂമിയുടെ മറുപുറത്ത് മറ്റേതെങ്കിലും ഒരു സഭയിലോ സമൂഹത്തിലോ ആയിരുന്നു ഒരു ബിഷപ്പായി ജീവിച്ചിരുന്നതെങ്കിൽ ലോകത്തിന്റെ ഗതി അദ്ദേഹം മാറ്റിമറിച്ചേനെ' എന്ന് എന്തായിരിക്കാം ഇങ്ങനെയൊരു ചിന്താഗതിയിലേയ്ക്ക് ആ ലേഖകനെ നയിച്ചത്?*

(ഒരു മന്ദസിമിതത്തോടെ തിരുമേനി ഉത്തരം പറയുവാൻ തുടങ്ങി)

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരു ഔട്ടസ്റ്റാൻഡിങ്ങ് പേഴ്സണാലിറ്റി ആയിരുന്നു. ആദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഏത് മേഖലയിൽ പ്രവർത്തിച്ചാലും അതിന് ക്രിസ്തീയമായ ഒരു ഡൈമൻഷൻ കൊടുക്കുവാൻ സാധിച്ചു എന്നതാണ്. ഓർത്തഡോക്സ് സഭകളുടെ പൊതുപാരമ്പര്യത്തിൽ, ബിഷപ്പുമാർ ഒരു പബ്ലിക് ഫിഗറായി ഒരിക്കലും വർത്തിക്കുകയില്ല. എന്നാൽ ചില സമൂഹങ്ങളിൽ സന്യാസിമാർ സെലിബ്രിറ്റി കൾച്ചറിന്റെ വക്താക്കൾ ആയി ചിലപ്പോഴെങ്കിലും കാണപ്പെടുന്നുണ്ട്. ഈയൊരു കാഴ്ചപ്പാടിൽ ജനങ്ങൾ മറ്റ സന്യാസിമാരെയും വിലയിരുത്തുന്നു. പക്ഷേ, സന്യാസിമാർ പ്രത്യേകിച്ച് ഓർത്തഡോക്സ് മെത്രാപ്പോലീത്തന്മാർ എപ്പോഴും ഇതിൽ നിന്നെല്ലാം അകലം പാലിക്കുന്നവരാണ്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും അപ്രകാരം അകലം പാലിച്ചതുകൊണ്ടവണം ഇപ്രകാരം ഒരു ചിന്താഗതിയിലേയ്ക്ക് ലേഖകനെ നയിച്ചത് എന്ന് ഞാൻ കരുതുന്നു.

♦ *വൈദീകപട്ടം സ്വീകരിക്കുന്നതിനുമുമ്പേ തിരുമേനി ഒരു വക്കീലായി പ്രാക്ടീസ് ചെയ്തിരുന്നു. അതിനാൽ തന്നെ നമ്മുടെ സഭ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന കോടതി വിധികളുടെ ലംഘനത്തെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാവുമല്ലോ?*

സമൂഹവുമായി ബന്ധപ്പെട്ടുണ്ടാവുന്ന കോടതി വിധികൾ നടപ്പിലാക്കുവാനുള്ള ആർജ്ജവം ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിന് ഇല്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ സഭയുടെ കാര്യം മാത്രമല്ല മറ്റ് ഏതൊരു സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ അവസ്ഥയും ഇത് തന്നെയാണ്. ഇന്ത്യയിൽ മാത്രം കണ്ടുവരുന്ന ഒരു പ്രത്യേകതയാണിത്. സത്യത്തെ മറച്ചുവെച്ച് വോട്ട് ലഭിക്കണമെന്ന് മാത്രമുള്ള ചിന്ത വളരെ അപകടകരമാണ്. ജനപിന്തുണ മാത്രം ലക്ഷ്യം വെച്ച് നീതിന്യായ വ്യവസ്ഥയെ തൃണവൽക്കരിക്കുന്ന ഈ സമ്പ്രദായം മാറണം.

♦ *ക്രിസ്തീയ മിഷനെക്കുറിച്ചുള്ള തിരുമേനിയുടെ അഭിപ്രായമെന്താണ്? പ്രത്യേകിച്ച് മദർ തെരേസയുടെ മിഷൻ പ്രവർത്തനങ്ങൾ ക്രിസ്തീയ വൽക്കരണം ലക്ഷ്യംവെച്ചുള്ളതായിരുന്നു എന്നുള്ള മോഹൻ ഭാഗവത്തിന്റെ പ്രസ്താവനയ്ക്ക് അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽനിന്നുതന്നെ എതിർപ്പുകൾ നേരിടുന്ന ഈ സാഹചര്യത്തിൽ.....?*

ഇന്ത്യയിൽ പലഭാഗത്തുനിന്നും ഇങ്ങനെയുള്ള ഒറ്റപ്പെട്ട പ്രസ്താവനകൾ വരുന്നുണ്ടായിരിക്കാം. എന്നാൽ ക്രിസ്തീയവൽക്കരണമല്ല നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം. വിദ്യാഭ്യാസം, ശുചിത്വം, ദരിദ്രർക്കും അനാഥർക്കും സംരക്ഷണം, രാജ്യത്തിന്റെ സമഗ്രമായ വളർച്ച എന്നിവയാണ്. നമ്മുടെ മിഷൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ അനേകരുണ്ട്. മിഷൻ പ്രവർത്തനങ്ങളിലൂടെ നാം ക്രിസ്തുവായി ജീവിക്കുകയാണ്. ഇന്ന് ഭാരതമൊട്ടാകെയുള്ള നല്ലൊരു ശതമാനം വിദ്യാഭ്യാസ പ്രസ്ഥാനങ്ങളും ക്രിസ്ത്യാനികളുടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായിട്ട് രൂപപ്പെട്ടവയാണ്.

♦ *പുതിയ മദ്യനയത്തെക്കുറിച്ച് തിരുമേനിക്ക് എന്താണ് പറയുവാനുള്ളത്?*

മദ്യത്തിന്റെ കച്ചവടവും ഉപയോഗവും വളരെ വലിയ പാപമായിട്ടാണ് ഞാൻ കാണുന്നത്. എങ്കിലും വളരെ വലിയ ഒരു അപകടം ഇതിൽ ഒളിച്ചിരിപ്പുണ്ട്. ബിയറിന്റെ ഉപയോഗം വർദ്ധിക്കും. ബിയർ മദ്യമല്ല എന്നൊരു കാഴ്ചപ്പാട് ഉണ്ടാവുന്നു.

♦ *രണ്ട് ലോകമഹായുദ്ധങ്ങളിൽ കൊല്ലപ്പെട്ട ആളുകളേക്കാൾ കൂടുതൽ ഇന്ന് മതങ്ങളുടെ പേരിൽ കൊന്നൊടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെയെങ്കിൽ സ്വഭാവികമായി ഉയർന്നുവരുന്ന ചോദ്യമല്ലേ തിരുമേനി 'എന്തിനാണ് മതം' എന്നത്?*

(മുഖം വളരെ ഗൗരവമേറിയതാകുന്നു)

വളരെ നല്ല പ്രസക്തിയുള്ള ഒരു ചോദ്യമാണിത്. മതങ്ങൾ ലോകനന്മയ്ക്കുവേണ്ടി ഉത്ഭവിക്കപ്പെട്ടതാണ്. എല്ലാ മതങ്ങളുടെയും ആത്യന്തികലക്ഷ്യം അതുതന്നെയാണ്. എന്നാൽ ഇന്ന് മതങ്ങൾ ഭീകരതയുടെ മുഖംമൂടി അണിഞ്ഞിരിക്കുന്നു. പഠനകാലത്തുതന്നെ വിദ്യാർത്ഥികളിൽ തീവ്രവാദത്തിന്റെ വിത്ത് വിതയ്ക്കപ്പെടുന്നു. ഇവർ വളർന്നുവന്ന് ഭീകരതയെന്ന ഫലം കായ്ക്കുന്നു. ലോകനന്മ ലക്ഷ്യം വച്ചുകൊണ്ട് നാം ഒന്നായി നിൽക്കണം. ആദ്യം ക്രിസ്ത്യാനികൾ ഒന്നിച്ച് നിന്ന് മറ്റുള്ളവർക്ക് സാക്ഷികളാവണം. അതിനുശേഷം ലോകമതങ്ങളെല്ലാം ഒരുമിച്ച് ഇതിനെതിരെ പ്രവർത്തിക്കണം. എങ്കിൽ മാത്രമെ ഭീകരതയെ തുടച്ചുനീക്കാൻ സാധിക്കൂ.

♦ *ഇന്ന് ലോകത്ത് നിലനിൽക്കുന്ന മറ്റൊരു പ്രശ്നമാണ് കുടുംബങ്ങളുടെ ശിഥിലീകരണം. എന്താണ് തിരുമേനി ഇതിനെതിരായി നമുക്ക് ചെയ്യുവാൻ സാധിക്കുന്നത്? പ്രീ മാരിറ്റൽ കൗൺസലിങ്ങ് പോലെ പോസ്റ്റ് മാരിറ്റൽ കൗൺസലിങ്ങ് കൊടുക്കേണ്ടതില്ലേ?*

പോസ്റ്റ് മാരിറ്റിയൽ കൗൺസലിങ്ങ് കൊണ്ട് മാത്രം ഈ പ്രശ്നത്തിന് ഒരറുതി വരുമെന്ന് എനിക്ക് തോന്നുന്നില്ല. പ്രീ മാരിറ്റിയൽ കൗൺസലിങ്ങിന്റെ തന്നെ രീതി മാറണം. കുഞ്ഞുങ്ങൾ കൗമാരത്തിലെത്തുമ്പോൾ തന്നെ ഇങ്ങനെയുള്ള കൗൺസലിങ്ങുകൾ തുടങ്ങേണ്ടതുണ്ട്. ഹൈസ്കൂൾ കാലഘട്ടം മുതലെങ്കിലും കുടുംബജീവിതത്തിന്റെ വിശുദ്ധിയെക്കുറിച്ച് ബോധ്യമുള്ളവരാകണം. വിവാഹത്തിന്റെ തൊട്ടുമുമ്പ് മാത്രമുള്ള സമ്പ്രദായമാവരുത് മാര്യേജ് കൗൺസലിങ്ങുകൾ. തങ്ങളുടെ പങ്കാളിയെ തിരഞ്ഞെടുക്കുന്നത് മുതലുള്ള കാര്യങ്ങളിൽ കൗൺസലിങ്ങ് നൽകിയാൽ മാത്രമേ കുടുംബങ്ങൾ കെട്ടുറപ്പുള്ളവ ആകുകയുള്ളൂ.

♦ *തിരുമേനി അവസാനമായൊരു ചോദ്യം കൂടി.... തിരുമേനിക്ക് ഏറ്റവും ഇഷ്ടമുള്ള വേദപുസ്തകത്തിലെ വാക്യം ഏതാണ്?*

(ഒരു ചിരിയോടുകൂടി)

ഞാൻ ആദ്യമായി പഠിച്ചത് 23-ാം സങ്കീർത്തനം ഒന്നാം വാക്യം ആണ്. എനിക്കേറ്റവും ഇഷ്ടമുള്ളതും ഈ വാക്യമാണ്. "യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാവുകയില്ല"

*(ദക്ഷിണധ്വനിക്ക്‌വേണ്ടി സബ് എഡിറ്റർ ജിബിൻ സാം ജോ നടത്തിയ അഭിമുഖം)*

**ഓർത്തഡോക്സ് ധ്വനി**

# എന്റെ കർത്താവ്, എന്റെ സഭ, എന്റെ വിശ്വാസം

അനുദിന ക്രിസ്തീയ ജീവിതത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് സഭയും വിശ്വാസവും. ക്രിസ്തുവിന്റെ കാൽവറിയാഗത്തിലൂടെ രക്ഷിക്കപ്പെട്ട സമൂഹമാണ് സഭ. ക്രിസ്തു വിശ്വാസം സൂക്ഷിക്കപ്പെടുന്നതും വിശകലനം ചെയ്യപ്പെടുന്നതും വ്യാപിപ്പിക്കുന്നതും വി. സഭയിലൂടെയാണ്. നമ്മുടെ ജീവിതത്തിന്റെ സങ്കുചിതമായ ചിന്തയിലൂടെ 'സഭയുടെ' അർത്ഥതലങ്ങളിലേക്ക് ആഴ്ന്നിറങ്ങുവാൻ നമുക്ക് സാധിക്കുന്നില്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരപദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നതിനായി വിളിച്ചുചേർക്കപ്പെട്ട സമൂഹമാണ് സഭ. ഈ ചെറിയ ലേഖനത്തിലൂടെ ഉദ്ദേശിക്കപ്പെടുന്നത് ക്രിസ്തുവും സഭയും വിശ്വാസവും എന്താണെന്ന് തിരിച്ചറിയുവാനുള്ള ചെറിയ ശ്രമമാണ്.

**എന്റെ കർത്താവ്**

ക്രിസ്തു ശിഷ്യനായ വി. മാർത്തോമ്മാശ്ലീഹാ ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ തിരുമാറിടത്തിലേക്ക് കരങ്ങൾ നീട്ടികൊണ്ട് "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" (Jn: 20:28)എന്ന് ക്രിസ്തുവിലുള്ള വിശ്വാസം ഉറപ്പിച്ചു പറയുന്നു. ക്രിസ്തു ശിഷ്യന്മാർക്ക് ക്രിസ്തു അവരുടെ തൊട്ടറിവായിരുന്നു. കേട്ടറിവിനെക്കാളും കണ്ടറിവിനേക്കാളും തൊട്ടറിവിന്റെ ആഴം വളരെ വലുതാണല്ലോ. 1 യോഹ: 1:1-ൽ ആദിമുതലുള്ളതും........... ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ക്രിസ്തുവിശ്വാസിയും വി. കുർബാനയുടെ അനുഭവത്തിലൂടെ നമുക്കായി കാൽവറിയിൽ ബലിയായി തീർന്ന ക്രിസ്തുശരീരവുമായി സ്പർശനബന്ധത്തിലായിത്തീരുന്നു. തിരുവചനവുമായ നിരന്തരബന്ധത്തിലൂടെ വചനമായ ക്രിസ്തുവിനെ അനുദിന ജീവിതത്തിൽ അനുഭവിച്ചറിയുന്നു.

ഒരു ക്രിസ്തുവിശ്വാസിയുടെ അനുദിന ജീവിതവുമായി ക്രിസ്തു സംവേദിച്ചുകൊണ്ടിരിക്കുകയാണ്. ഉയിർത്തെഴുന്നേല്പിനുശേഷം തിബെര്യാസ് കടൽക്കരയിൽ ശിഷ്യന്മാരുടെ സാധാരണ ജീവിതവുമായി ഇടപെടുന്ന ക്രിസ്തുവിന്റെ വാക്കിനനുസരണമായി വല ഇറക്കുന്നതു മുഖാന്തിരം പെരുത്ത മത്സ്യകൂട്ടം ലഭ്യമാകുന്നു. "അതു കർത്താവാകുന്നു" എന്ന ഒരു തിരിച്ചറിവിന്റെ അനുഭവത്തിൽ ശിഷ്യന്മാരെ എത്തിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷങ്ങളിലും ദൈവസന്നിധിയിൽ നിന്ന് ഒഴുകി എത്തുന്ന ഒരു വിശ്വാസിയുടെ ജീവിതത്തിൽ അത് നമ്മുടെ കർത്താവാകുന്നു എന്ന ഒരു തിരിച്ചറിവിൽ എത്താൻ സാധിക്കണം. കർത്തൃശരീരങ്ങളിലുള്ള പങ്കാളിത്വം ആരാധനയിലൂടെയുള്ള ദൈവസംസർഗ്ഗവും എല്ലാം ഒരു വിശ്വാസിയുടെ ജീവിതത്തിൽ "എന്റെ കർത്താവ്" എന്ന അനുഭവതലത്തിലേക്ക് എത്തുവാൻ കഴിയണം.

**എന്റെ സഭ**

"സഭ" വിളിച്ചുചേർക്കപ്പെട്ട സമൂഹം. ഈ ലോകത്ത് നിന്നും ബഹുജനതകളുടെ ഇടയിൽ നിന്നും വിളിച്ചുചേർക്കപ്പെട്ട സമൂഹമാണല്ലോ സഭ. നമ്മുടെ മനസ്സിൽ പെട്ടെന്നു കടന്നുവരുന്ന സഭയെപ്പറ്റിയുള്ള ചിന്ത പലപ്പോഴും ഈ ലോകജീവിതത്തിന്റെ വിവിധ അനുഭവങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതാണ്. ദൈനംദിന ജീവിതത്തിൽ ഇടപെട്ടുകഴിയുന്ന സ്ഥാപനവൽക്കരിക്കപ്പെട്ട സമൂഹം. നമ്മുടെ ആഗ്രഹം പലപ്പോഴും ദേവാലയങ്ങൾക്കുവേണ്ടി ആർജ്ജിക്കുകയും മോടി പിടിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. ദൈവകല്പനപ്രകാരം പഴയനിയമത്തിൽ നിർമ്മിക്കപ്പെട്ട ദേവാലയം സഭയുടെ ഒരു മുൻകുറിയാണ്. ദൈവവുമായി സംസർഗ്ഗം ചെയ്യേണ്ടുന്നവർ ദൈവാലയത്തിൽ പ്രവേശിക്കട്ടെ എന്നാണ് നാം ക്വംത്യായുടെ രാത്രി നമസ്കാരം ഒന്നാം കൗമായുടെ ആദ്യവരികളിൽ പാടുന്നത്.

പരിശുദ്ധ പൗലോസ് ശ്ലീഹാ ധാരാളം ഉപമാനങ്ങളിലൂടെ ക്രിസ്തുവിന്റെ സഭയെ വിശ്വാസികൾക്കായി പരിചയപ്പെടുത്തുന്നു. "സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു" എഫേ: 1:23. സഭയുടെ അംഗങ്ങളായ വിശ്വാസികൾ ആ ശരീരത്തിന്റെ അവയവങ്ങളും ആകുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Christ needs the church as his body and the church needs Christ as the head.



എഫേസ്യലേഖനം 5-ാം അദ്ധ്യായത്തിൽ പരിശുദ്ധ പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്ന മറ്റൊരു പ്രമേയമാണ് "സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്". മണവാളനും മണവാട്ടിയുമായുള്ള ബന്ധം ശക്തവും സുദൃഢവുമായിരിക്കുന്നതുപോലെ മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും ആയിരിക്കണം. മണവാട്ടിയായ സഭ മണവാളനായ ക്രിസ്തുവിനുവേണ്ടി വ്രതനിഷ്ഠയോടുകൂടി കാത്തിരിക്കുന്ന സമൂഹമാണ്. മണവാട്ടി സഭയുടെ മക്കൾ എന്റെ സഭയും ക്രിസ്തുവിന്റെ വിശുദ്ധിയിലേക്ക് ഉയരണമെന്നുള്ള ചിന്തയോടെ ജീവിതം ക്രമീകരിക്കണം.

**എന്റെ വിശ്വാസം**

വിശ്വാസം എന്ന പദത്തിന്റെ അർത്ഥം ഉറപ്പ്, സ്ഥിരത, മാറ്റമില്ലായ്മ തുടങ്ങിയവയാണ്. ദൈവം മാറ്റമില്ലാത്തവനാണ്. നാം മാറ്റമില്ലാത്ത ദൈവവുമായുള്ള സ്ഥിരമായ ബന്ധത്തിൽ നിലകൊള്ളുന്നവരാണ്. എശയ്യാ 26:3-4 വാക്യങ്ങളിൽ "സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കയാൽ നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു. യഹോവയാം യാഹിൽ ശാശ്വതമായ ഒരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ". എബ്രായർ 11-ൽ വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണെന്ന് നാം പഠിക്കുന്നു. അദൃശ്യകാര്യങ്ങളെക്കുറിച്ചും ആത്മീക യാഥാർത്ഥ്യങ്ങളെക്കുറിച്ചുമുള്ള ഉറപ്പാണ്. It reveals the actual relationship to God and human being.

വിശ്വാസം ദൈവത്തിന്റെ ദാനമാണ് (Eph.: 2:8) ഞാൻ ആയിരിക്കുന്ന വിശ്വാസത്തിലേക്ക് എന്നെ നയിച്ചത് ദൈവമാണ്. പഴയനിയമത്തിലെ യഹോവയുടെ നിയോഗം ലഭിച്ച ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും ദൈവകല്പനകൾ അനുഷ്ഠിക്കുന്നതിനാണ് പ്രാമുഖ്യം നൽകിയിരുന്നത്. ജീവിതത്തിന്റെ കടുത്ത പ്രതിസന്ധിയുടെ നിമിഷങ്ങളിലും അവർ യഹോവയെ അന്വേഷിച്ചു. ക്രിസ്തീയജീവിതത്തിൽ നാം നേടിയെടുക്കേണ്ടത് ഇതുതന്നെയാണ്. വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് ക്രിസ്തുയേശുവിന്റെ വഴികളിലൂടെ ചരിക്കുവാനുള്ള നിയോഗമാണ് ക്രിസ്തീയ വിശ്വാസികളുടേത്. നാം ദൈവശാസ്ത്രം ശക്തമായി പ്രസംഗിക്കും പക്ഷേ ജീവിതത്തിന്റെ പ്രധാനനിമിഷങ്ങളിൽ - പ്രതിസന്ധികളിൽ നാം വിശ്വാസം ഇല്ലാത്തവരായിതീരുന്നു. 'Theology without faith is a chess game only' എന്നു വായിക്കുവാൻ ഇടയായിട്ടുണ്ട്. എന്റെ വിശ്വാസം എന്റെ രക്ഷകനായ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്നതാകണം.

എന്റെ കർത്താവ്, എന്റെ സഭ, എന്റെ വിശ്വാസം ഈ മൂന്നു തലങ്ങളും നാം വളരെ ആഴത്തിൽ പഠിക്കുകയും നമ്മുടെ ജീവിത അനുഭവമാക്കിമാറ്റുകയും വേണം. നാം ആയിരിക്കുന്നത് നമ്മുടെ ദൈവത്തിന്റെ പരിലാളനയിലാണ്. സാക്ഷ്യം നഷ്ടപ്പെടുത്താത്ത ജീവിതത്തിൽ മാത്രമേ എന്റെ കർത്താവ് എന്നു നമുക്കു പറയുവാൻ കഴിയുകയുള്ളൂ. എന്റെ സങ്കുചിത ചിന്തകൾക്കപ്പുറമാണ് എന്റെ സഭ. അതിനെ ലോകത്തിന്റേതാക്കി നിലനിർത്തുവാൻ അധികാര അവകാശങ്ങൾ നേടിയെടുക്കുവാനും നാം ശ്രദ്ധിക്കുന്നു. എന്നാൽ ക്രിസ്തു ശരീരത്തിന്റെ ഭാഗമാണ് സഭയെന്നും ഞാനും അതിന്റെ അവയവമാണ് എന്നുമുള്ള ചിന്ത നമ്മുടെ സഭാജീവിതശൈലിയിൽ ഒരു മാറ്റത്തിന് ഇടയാക്കും. എന്റെ വിശ്വാസം മാറ്റമില്ലാത്തതായി നിലനിർത്തുവാനും ക്രിസ്തുവിന്റെ സാക്ഷികളായി ഉയരുവാനും നമുക്ക് ഇടയാകട്ടെ.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 79-ാമത് അന്തർദ്ദേശീയ സമ്മേളനത്തിനോടനുബന്ധിച്ച് സൗത്ത് പാമ്പാടി വലിയപള്ളിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ദക്ഷിണധ്വനിയ്ക്ക് ആശംസകൾ...

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. പി. വൈ. ജെസൻ**
ജന. സെക്രട്ടറി, ഒ.സി.വൈ.എം.

**വേദപുസ്തകധ്വനി**

**മാലാഖാവൃന്ദം**

സംഖ്യാതീതമായ മാലാഖമാർ (മത്തായി 26:53) മൂന്നുക്രമങ്ങളായി മാലാഖമാരെ തിരിച്ചിരിക്കുന്നു. ഓരോ ക്രമത്തിലും മുമ്മൂന്ന് നിരകൾ വീതമുണ്ട്. ഇങ്ങനെ ഒൻപത് വൃന്ദങ്ങൾ.

**ഒന്നാമത്തെ ക്രമം**

1. സ്രോപ്പേന്മാർ (സാറാഫുകൾ ആരാധനാവൃന്ദം) യെശ.6:2
2. ക്രൂബെന്മാർ (കെരൂബുകൾ ജ്ഞാനവൃന്ദം) യെഹ. 10:3-5
3. ഹൈലാവോസേന്മാർ (ശക്തിവൃന്ദം) എഫേ:1:21

**രണ്ടാമത്തെ ക്രമം**

1. മൊറവോസന്മാർ (കർതൃവൃന്ദം) എഫേ. 1:21
2. മൗത്തുബേന്മാർ (ഭരണവൃന്ദം) എഫേ. 1:21
3. ഗുൽത്തോനെന്മാർ (അധികാരവൃന്ദം) ദാനി. 10:13

**മൂന്നാമത്തെ ക്രമം**

1. റീശിനുമോസെന്മാർ (സമാധാനവൃന്ദം) യെശ. 63:9
2. റീശൈ മാലാഖമാർ (ദൂതവൃന്ദം) യോശു 5:14,15
3. മാലാഖമാർ (സ്ഥാനപതിവൃന്ദം) സങ്കീ. 104:4

**നർമ്മധ്വനി**

**പ. പാത്രിയർക്കീസ് ബാവാ പ. കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച നടത്തിയത് ആബൂൻ മാർ തോമസ് പ്രഥമന്റെ അംഗീകാരത്തോടെ**



# ഐക്കൺ : ദൈവശാസ്ത്രവും ലാവണ്യശാസ്ത്രവും

**-സഖേർ-**

മനുഷ്യജീവിതം അർത്ഥം കണ്ടെത്തുന്നത് ആശയവിനിമയത്തിലൂടെയാണ്. സംവേദനം ജീവിതത്തിന്റെ കാതലാണ്. അംഗവിക്ഷേപങ്ങളും വാക്കുകളും വരകളും എന്തിന് മൗനം പോലും സംവേദനമാധ്യമമാണ്. സത്യാന്വേഷിയായ മനുഷ്യപ്രയാണങ്ങൾക്ക് ഒരു മഹാചരിത്രമുണ്ട്. അതിൽ വാമൊഴികളും വരമൊഴികളുമുണ്ട്. വിശുദ്ധഗ്രന്ഥങ്ങളും വിശുദ്ധ പ്രതീകങ്ങളുമുണ്ട്. പ്രതീകങ്ങളുടെ ഉപയോഗത്താൽ (symbolism) സമ്പന്നമായ ഒരു ആരാധനപരിസരമാണ് നമ്മുടെ വിശ്വാസജീവിതത്തിനുള്ളത്.

ഒരു പ്രതീകത്തിന്റെ അർത്ഥം നിയതമായി നിർവ്വഹിക്കുന്നതിന് പരിമിതികളുണ്ട്. എന്നാൽ അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെക്കുറിക്കുന്ന ദൃശ്യവും ഭൗതീകവുമായ ഒന്നാണ് പ്രതീകമെന്ന് പറയാം. symbol എന്ന ആംഗലേയപദം symballien എന്ന യവനപദത്തിൽനിന്നാണ് നിഷ്പദിച്ചിരിക്കുന്നത്. ഒരുമിപ്പിക്കുന്നത് (throw together) എന്നർത്ഥം അതിനുണ്ട്. ചിതറപ്പെട്ടതിനെ കൂട്ടിച്ചേർക്കുന്നതാണത്രേ ! ഛിന്നവിചാരങ്ങളെ ഏകാഗ്രമാക്കുന്നത് , ബോധമുണർത്തുന്ന ഔന്നത്യം എന്നും പറയാറുണ്ട്. പ്രതീകങ്ങൾ ഒരു നാണയം പോലെയെന്ന് പറയുന്നവരുണ്ട്. നാണയത്തിന് രണ്ട് മുഖങ്ങളുണ്ട്. അകവും പുറവും. പ്രകടമായി കാണാവുന്നതും മറഞ്ഞിരിക്കുന്നതും . പ്രതീകങ്ങൾക്കും പ്രത്യക്ഷമായി കാണാവുന്ന ഒരു തലമുണ്ട്, ഒപ്പം നിഗൂഡമായ മറ്റൊന്നും. അതുപോലെ ഒരു നാണയത്തിന് ഒരു പ്രത്യേക വ്യവസ്ഥിതിയിൽ മാത്രമായിരിക്കും മൂല്യമുണ്ടാവുക. അതിന് വെളിയിൽ വിനിമയ സാധ്യതയുമുണ്ടാവില്ല. ഓരോ പ്രതീകങ്ങളുടെയും ഭാഷ അതതിന്റെ ആവാസവ്യവസ്ഥയിലേയ്ക്ക് ഉപനയനം ചെയ്യപ്പെടാത്തവർക്ക് സുഗ്രാഹ്യമാവാൻ സാധ്യതയില്ല. ചിലപ്പോൾ അർത്ഥശൂന്യമായും തോന്നിയേക്കാം. സഭാബോധ്യത്തിൽ ഒരു പ്രതീകം ദൈവീകരഹസ്യങ്ങളുടെ കാണപ്പെടുന്ന രൂപമെന്ന് വിളിക്കപ്പെടും. അത് ഒരു വസ്തുവോ കർമ്മമോ ആകാം. ചുരുക്കത്തിൽ പങ്കാളിത്തപരമായ സഹവർത്തിത്വത്തിലൂടെ മാത്രമേ ഒരു പ്രതീകം സമ്മാനിക്കുന്ന ആഴ്ചക്കാഴ്ചകളിലേക്ക് നമുക്ക് സഞ്ചരിക്കാനാവൂ. പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാപാരമ്പര്യങ്ങളിൽ സജീവമായി നില കൊള്ളുന്ന ഐക്കൺ ചിത്രങ്ങളുടെ സാംഗത്യവും പ്രസക്തിയുമാണ് ഈ കുറിപ്പ് അന്വേഷിക്കുന്നത്.

അപരിമേയനായ ദൈവത്തെ വെളിപ്പെടുത്തുവാനുള്ള പരിമിതനായ മനുഷ്യന്റെ പലതരം പ്രയത്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു കലാദർശനമാണ് ഇത്. ദൈവത്തെക്കുറിച്ച് സംവദിക്കുന്ന തിരുവെഴുത്തുകളെപ്പോലെ ആദരണീയമായ സ്ഥാനമാണ് ഐക്കണുകൾക്ക് പൗരസ്ത്യ സഭാപിതാക്കന്മാർ നൽകുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിലെ സംഭവങ്ങളാണ് ഐക്കണുകളുടെ ചിത്രീകരണത്തിലെ പ്രധാന പരാമർശ വിഷയം. മനുഷ്യാവതാര സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന പെരുന്നാളുകൾ ആചരിക്കുന്നതുപോലെ (യൽദോ, ദനഹ....) വിശുദ്ധമായ ആസ്മൃതികളെ ചിത്രരൂപത്തിലാക്കി ദേവാലയത്തെ അലങ്കരിക്കുന്ന പതിവും പൗരസ്ത്യ ആരാധനയുടേയും കലാദർശനത്തിന്റെയും ഭാഗമാണ്. *(തുടരും ....)*



ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരായ പ. അരാം ഒന്നാമൻ കാതോലിക്കാ, പ. കരേക്കിൻ രണ്ടാമൻ കാതോലിക്കാ പാത്രിയർക്കീസ്, പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ, പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ്, പ. തേവാദ്രോസ് രണ്ടാമൻ പോപ്പ് എന്നിവർ അർമ്മീനിയയിൽ കൂടിക്കാഴ്ച നടത്തുന്നു.

## ഓർത്തഡോക്സ് സഭകളുടെ വാർത്തകൾ

1. റഷ്യൻ ഓർത്തഡോക്സ് സഭയുടെ 2015-ലെ ആദ്യത്തെ സുന്നഹദോസ് പ. കിറിൽ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടി.
2. ബൾഗേറിയൻ ജനതയുടെ ക്രിസ്തീയവൽക്കരണത്തിന്റെ 1150-ാം വാർഷികത്തിന്റെ ആചരണം ബൾഗേറിയൻ പാത്രിയർക്കീസ് പ. നിയോഫൈറ്റിന്റെ അദ്ധ്യക്ഷതയിൽ മെയ് 3-ാം തീയതി നടത്തപ്പെട്ടു.
3. 20-ാം നൂറ്റാണ്ടിലെ സെർബിയ കണ്ട ഏറ്റവും ശ്രേഷ്ഠനായ ഗുരുവും ബിഷപ്പുമായിരുന്ന സിഖായിലെ പരിശുദ്ധ നിക്കോളാസിന്റെ (സെർബിയയുടെ ക്രിസോസ്റ്റം) ഓർമ്മദിനം മാർച്ച് 18-ന് സെർബിയൻ സഭ ആചരിച്ചു.
4. സ്വയം ശീർഷകപ്രദേശമായ ഇറാഖി കുർദിഷ്യയുടെ ഭരണഘടനയിൽ ക്രിസ്ത്യാനികൾക്ക് മറ്റു മതങ്ങളെപ്പോലെതന്നെ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി കൽദയൻ പാത്രിയർക്കീസായ ലൂയിസ് റാഫേൽ ഒന്നാമൻ തുറന്ന ചർച്ചയ്ക്ക്വേണ്ടി അധികാരികളെ ക്ഷണിച്ചു.
5. അന്ത്യോഖ്യൻ സഭയുടെ പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവാ ജർമ്മൻ ചരിത്രത്തിലെ ആദ്യത്തെ സുറിയാനി ക്രിസ്ത്യാനി ദിനാചരണത്തിന്റെ അദ്ധ്യക്ഷത വഹിക്കും.
6. മലങ്കരസഭയും അന്ത്യോഖ്യാസഭയും തമ്മിലുള്ള സമാധാനചർച്ചകൾക്ക് മദ്ധ്യസ്ഥത വഹിക്കാൻ കോപ്റ്റിക്ക് പോപ്പ് പരിശുദ്ധ തേവൊദോറസ് രണ്ടാമൻ താല്പര്യം പ്രകടിപ്പിച്ചു.

## വിജ്ഞാനധ്വനി

**(സംഖ്യാപുസ്തകം 1 മുതൽ 15 വരെ)**

1. എത്ര ഗോത്രങ്ങളുടെ എണ്ണം എടുക്കുവാനാണ് ദൈവം മോശയോടു കല്പിച്ചത്?
2. മരുഭൂപ്രയാണത്തിൽ ഓരോ പ്രഭുക്കളും ബലി കഴിച്ച മൃഗങ്ങളുടെ എണ്ണം എത്ര?
3. കുഷ്ഠ രോഗിണിയായിത്തീർന്ന മഹാപുരോഹിത സഹോദരി?
4. വാഗ്ദത്ത നാട്ടിലേയ്ക്ക് പുറപ്പെട്ടവരിൽ അവിടെ ചെന്നെത്തിയവർ എത്ര?
5. കനാൻ ദേശം ഒറ്റുനോക്കാൻ ആളുകളെ അയച്ചത് എവിടെ നിന്ന്?
6. ഒറ്റുകാരിൽ സദ്വർത്തമാനം കൊണ്ടുവന്നവർ ആരൊക്കെ?
7. കാലേബിന്റെ പിതാവിന്റെ പേര്?
8. യോശുവായുടെ അപരനാമം?
9. ശബത്ത് ലംഘനത്തിന് യഹോവയുടെ കല്പനപ്രകാരം കല്ലെറിഞ്ഞ് കൊല്ലപ്പെട്ട വ്യക്തി ചെയ്ത തെറ്റ്?
10. ഭൂതലത്തിലുള്ള സകല പുരുഷന്മാരിലും അതി സൗമ്യനായിരുന്ന വ്യക്തി?
11. ബസ്ക്യോമ എന്ന സുറിയാനിപദത്തിന്റെ അർത്ഥം?
12. ഒരു വൈദീകൻ പട്ടമേറ്റശേഷം ആദ്യം ചൊല്ലുന്ന കുർബ്ബാനയ്ക്കും ഒരു ദേവാലയത്തിൽആദ്യമായിഅർപ്പിക്കുന്ന കുർബ്ബാനയ്ക്കും ഏത് തക്സായാണ് ഉപയോഗിക്കുന്നത്?
13. അർമ്മീനിയൻ വംശഹത്യയുടെ 100-ാം വാർഷികത്തിൽ വംശഹത്യയ്ക്കിരയായ 15 ലക്ഷം അർമ്മീനിയൻ ഓർത്തഡോക്സ് സഭാ വിശ്വാസികളെ വിശുദ്ധരായി പ്രഖ്യാപിച്ചതെവിടെ വച്ച്?
14. പഴയനിയമ ഉദ്ധരണികൾ കൂടുതലുള്ള സുവിശേഷം?
15. പുതിയ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ?

*ഉത്തരങ്ങൾ ജൂൺ 15-ാം തീയതിയ്ക്ക് മുമ്പായി എഡിറ്റർമാരുടെ പക്കൽ ഏൽപിക്കേണ്ടതാണ്.*

**ആറാം വിവാഹ വാർഷികം ആഘോഷിക്കുന്ന ഫാ. തോമസ് കെ. ഏലിയാസിനും ഏലിസബേത്തിനും**

ആശംസകളോടെ:
കെ.എ. ചാക്കോ, അന്നമ്മ, സുജിത്ത്, രമ്യ, മറിയം





*Wish You a Happy Married Life*

ഒന്നാം വിവാഹ വാർഷികം
മാട്ടേൽ തറകുന്നേൽ സുനീഷ് മാത്യുവും ഭാര്യ ഷാജോൾ സുനീഷും
ആശംസകളോടെ: ആഷ്‌ലി സൂസൺ കുരുവിള

# നന്മയുടെ തൂവൽസ്പർശം

*(അവയവദാന ബോധവൽക്കരണ സമ്മതപത്ര സമർപ്പണപദ്ധതി)*

സൗത്ത് പാമ്പാടി: മലങ്കര സഭയുടെ സമൂഹ്യസേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ സഹകരണത്തോടുകൂടി യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ 'അവയവദാന ബോധവൽക്കരണ സമ്മതപത്ര സമർപ്പണ പദ്ധതി' നടപ്പാക്കുകയാണ്. മുഴുവൻ ഇടവകാംഗങ്ങളും അവയവദാന സമ്മതപത്രം നൽകിയ മലങ്കരയിലെ ആദ്യത്തെ ഇടവകയായി നമ്മുടെ ഇടവകയെ പ്രഖ്യാപിക്കുക എന്നതാണ് ലക്ഷ്യം.

ജീവിച്ചിരിക്കുമ്പോഴോ മരണശേഷമോ ഒരു വ്യക്തിയുടെ ആരോഗ്യമുള്ള അവയവങ്ങളോ, അവയവ ഭാഗങ്ങളോ, ശരീര കലകളോ മറ്റൊരു വ്യക്തിക്ക് ദാനം ചെയ്യുന്ന പ്രക്രീയയാണ് അവയവദാനം. അവയവങ്ങൾ പ്രവർത്തന രഹിതമാകുകയോ രോഗങ്ങളോ പരിക്കുകളോ മൂലം അവ തകരാറിലാവുമ്പോഴോ ആണ് അവയവമാറ്റം അത്യാവശ്യമായി വരുന്നത്. വൃക്കയാണ് ജീവിച്ചിരിക്കുമ്പോൾ ദാനം ചെയ്യാവുന്ന പൂർണ്ണമായ അവയവം. കരൾ ഭാഗികമായും ദാനംചെയ്യാനാവും. സ്വഭാവിക മരണശേഷം കണ്ണുകൾ മാത്രമാണ് ദാനം ചെയ്യാനാവുക. എന്നാൽ മസ്തിഷ്കമരണം സംഭവിച്ചവരിൽ നിന്ന് ഹൃദയം, വൃക്കകൾ, കരൾ, ശ്വാസകോശങ്ങൾ, പാൻക്രിയാസ്, കണ്ണുകൾ, ഹൃദയ വാൽവുകൾ, അസ്ഥികൾ, കൈകൾ, കാലുകൾ തുടങ്ങിയവ ദാനം ചെയ്യാനാവും. ജീവിച്ചിരിക്കുന്നവർക്ക് 18 വയസിന് ശേഷവും, 70 വയസുവരെയും അവയവങ്ങൾ ദാനം ചെയ്യാവുന്നതാണ്. മരണം സംഭവിച്ച വ്യക്തിയുടെ നിയമപരമായ അവകാശിയാണ് അവയവദാനത്തിന് സമ്മതപത്രം നൽകേണ്ടത്.



79-ാം കേന്ദ്ര വാർഷികത്തോടനുബന്ധിച്ച് നടത്തിയ കൊടിമര ഘോഷയാത്രയിൽ പങ്കെടുക്കുന്ന യുവജനപ്രസ്ഥാനാംഗങ്ങൾ.

# യുവജനപ്രസ്ഥാനത്തിനും ദക്ഷിണധ്വനിക്കും പുതിയ സാരഥികൾ

സൗത്ത് പാമ്പാടി: സൗത്ത് പാമ്പാടി സെന്റ് തോമസ് വലിയപള്ളി യുവജനപ്രസ്ഥാനത്തിന്റെ 2015-16 വർഷത്തെ ഭാരവാഹികളായി സാംസൺ കുറിയാക്കോസ് (വൈസ് പ്രസിഡന്റ്), സിനു കെ. കുര്യൻ (സെക്രട്ടറി), ഷിനോ തോമസ്, രോഹിൻ മാത്യു (ജോയിന്റ് സെക്രട്ടറിമാർ), അശ്വിൻ കുറിയാക്കോസ് (ട്രഷറാർ), രജിത് പി. കുറിയാക്കോസ് (ഓഡിറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

യുവജനപ്രസ്ഥാനം മുഖപത്രമായ 'ദക്ഷിണധ്വനി'യുടെ ചീഫ് എഡിറ്ററായി മെജോ ഐസക് മാത്യുവും സബ് എഡിറ്റേഴ്സ് ആയി ജിബിൻ സാം ജോ, ജോബിൻ മാത്യു, അൻവിൻ ഏബ്രഹാം രാജു, സിനു കെ. കുര്യൻ എന്നിവരും മാർക്കറ്റിംഗ് മാനേജരായി ബിനോ തോമസും (മീഡിയ വിംഗ് ഇൻ ചാർജ് ആയി സിവി വർഗീസും) തെരഞ്ഞെടുക്കപ്പെട്ടു.

# പുതിയ ഭരണസമിതി അധികാരമേറ്റു

സൗത്ത് പാമ്പാടി. സെന്റ് തോമസ് വലിയപള്ളിയുടെ 2015-16 വർഷത്തെ ഭരണസമിതി അംഗങ്ങളായി എം.എൻ.ചാക്കോ മാലത്ത് (കൈക്കാരൻ), ബാബു സഖറിയ ചേനേപ്പറമ്പിൽ (സെക്രട്ടറി), ഒ.എ. മാത്തൻ ഓണാട്ടുകുന്നേൽ, രജിത് പി. കുറിയാക്കോസ് പുളിമൂട്ടിൽ, ബിജു കുര്യൻ ഐക്കരമറ്റം, പി.സി. ജോൺ പൂച്ചക്കേരിൽ, സൂസൻ ജേക്കബ് തടത്തിൽപറമ്പിൽ, അശ്വിൻ കുറിയാക്കോസ് മൂടൻകല്ലുങ്കൽ, പി.വി. മത്തായി പയ്യംപള്ളിൽ, സിനു കെ. കുര്യൻ കോക്കുന്നേൽപീടികയിൽ, വർഗീസ് ഏബ്രഹാം നെടുങ്ങോട്ടുമല പുത്തൻപറമ്പിൽ, ജേക്കബ് ജോൺ കല്ലുപുരയിൽ, എം.എസ്. വർഗീസ് മൂടൻകല്ലുങ്കൽ, മെജോ ഐസക് മാത്യു കോഴിവള്ളിൽ, പൗലൂസ് ചാക്കോ ഇലഞ്ഞിമറ്റം, എന്നിവർ അധികാരമേറ്റു.

**സുറിയാനി ഭാഷാ പരിജ്ഞാനം നേടുന്നതിനായി അടുത്ത പംക്തിമുതൽ 'സുറിയാനി ധ്വനി' ഉൾപ്പെടുത്തുന്നതായിരിക്കും.**


asianpaints
Colourworld
THADATHIL
HARDWARE & PAINTS
WHOLESALE & RETAIL
Kadavumbhagom Complex
Pampady P O
Kottayam - 686 502
Mob: 9447507059

**മൂന്നാം ചരമവാർഷികം**



**C.P. Joseph**
Kandathilparambil

*Inserted by sorrowing family*



**പരി. പരുമല തിരുമേനിയുടെ പ്രാർത്ഥനയിലും മദ്ധ്യസ്ഥതയിലും ശരണപ്പെട്ടുകൊണ്ട് കോഴിവള്ളിൽ ജോസ് കെ.സിയും കുടുംബവും.**




*Wish You a Happy Married Life*

മൂടൻകല്ലുങ്കൽ എം.കെ. വർഗീസിന്റെ മകൾ ലിഡ ചിന്നു വർഗീസും കാനം മഞ്ഞള്ളരുവിയിൽ വീട്ടിൽ ജോസ് ഫിലിപ്പിന്റെ മകൻ ടോണി ജോസ് ഫിലിപ്പും വിവാഹിതരായി.

ആശംസകളോടെ: ഡെന്നീസ് & ഡോണ

# 40-ാം ചരമദിനം

**23 ഏപ്രിൽ 2015**



**ജോയൽ അനിൽ ജോൺ**
**പച്ചിലക്കാട്ട്**

*Inserted by sorrowing family*

Published by Fr. Jacob Mathew on behalf of St. Thomas Valiyapally OCYM, South Pampady, Chief Editor: Majo Isac Mathew, Printed at Geo Offset Manarcad, Kottayam, Ph: 0481-2370108